"ഭരണഭാഷ – മാതൃഭാഷ"

# ചീഫ് ഹൈഡ്രോഗ്രാഫറുടെ നടപടി ക്രമങ്ങൾ
## ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് , തിരുവനന്തപുരം – 09
## (ഹാജർ:സുരേന്ദ്രലാൽ എ.പി)

വിഷയം : ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് –തിരുവനന്തപുരം – സർവ്വേ സ്രാങ്ക് ഗ്രേഡ് I തസ്തികയിലെ സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും – സംബന്ധിച്ച്.

പരാമർശം : ചീഫ് ഹൈഡ്രോഗ്രാഫറുടെ 26/06/2019-ലെ എ1-582/19 നമ്പർ ഉത്തരവ്

******

**<u>ഉത്തരവ് നം.എ1-535/2019/എച്ച്.എസ്.വിംഗ് തീയതി 04/07/2019</u>**

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിലെ കൊല്ലം മറൈൻ സർവ്വേയർ ഓഫീസിലെ സർവ്വേ സ്രാങ്ക് ഗ്രേഡ് I ആയ ശ്രീ. ആൽബർട്ട് ജി-യെ ചീഫ് സർവ്വേ സ്രാങ്കായി സ്ഥാനക്കയറ്റം നൽകി കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിൽ നിയമിച്ചതിനാൽ കൊല്ലം മറൈൻ സർവ്വേയർ ഓഫീസിൽ ഉണ്ടായ സർവ്വേ സ്രാങ്ക് ഗ്രേഡ് I തസ്തികയിലെ ഒഴിവിലേക്ക് കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിലെ സർവ്വേ സ്രാങ്ക് ഗ്രേഡ് I തസ്തികയിലെ ശ്രീ.രാജേഷിനെ ടിയാന്റെ അപേക്ഷ പരിഗണിച്ച് കൊല്ലം മറൈൻ സർവ്വേയർ ഓഫീസിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

കണ്ണൂർ അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിൽ നിന്നും നീണ്ടകര അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിലേക്ക് ഷിഫ്റ്റ് ചെയ്ത് കോണ്ടുവന്ന സർവ്വേ സ്രാങ്ക് ഗ്രേഡ് I തസ്തികയിലേക്ക് ബേപ്പൂർ മറൈൻ സർവ്വേയർ ഓഫീസിലെ സർവ്വേ സ്രാങ്ക് ഗ്രേഡ് II തസ്തികയിലെ ശ്രീ ഫ്രെഡി ബോയി 20/06/2019-ൽ ചീഫ് ഹൈഡ്രോഗ്രാഫർക്ക് നൽകിയ അപേക്ഷ പരിശോധിക്കുകയും ടിയാന്റെ അപേക്ഷയിലെ വിവരങ്ങൾ ഈ ഓഫീസിലെ രേഖകളുമായി പരിശോധിച്ചതിൽ ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെ സ്പെഷ്യൽ റൂൾസിൽ ഉള്ള ചില അപാകതകൾ കാരണം ടിയാന്റെ ജൂനിയറായ ഒൻപതിലേറെ ജീവനക്കാർ ടിയാനെക്കാളും ഉയർന്ന വിവിധ തസ്തികകളിൽ പ്രമോഷൻ ലഭിച്ചതായി കാണുന്നു ഇതിനാൽ 9 വർഷങ്ങളായി സർവ്വേ സ്രാങ്കായി സേവനം അനുഷ്ഠിക്കുന്നതും ലെഡ്സ്മാൻ, സർവ്വേ സ്രാങ്ക് ഗ്രേഡ് II തസ്തികകളിൽ ഒരേ ശമ്പള സ്കെയിൽ ആയതിനാൽ സർവേ സ്രാങ്ക് ഗ്രേഡ് II ആയ ശ്രീ ഫ്രെഡ്രിബോയിയുടെ അപേക്ഷ പരിഗണിച്ച് സർവ്വേ സ്രാങ്ക് ഗ്രേഡ് I തസ്തികയിൽ 22200-48000/- രൂപശമ്പള സ്കെയിലിൽ പ്രൊവിഷണൽ പ്രൊമോഷൻ നൽകി നീണ്ടകര അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിലെ സർവ്വേ സ്രാങ്ക് ഗ്രേഡ് I ആയ ശ്രീ രാജേഷിന് കൊല്ലം മറൈൻ സർവ്വേയർ ഓഫീസിൽ സർവ്വേ സ്രാങ്ക് ഗ്രേഡ് I

C1

തസ്തികയിൽ സ്ഥലം മാറ്റം നൽകിയതുമൂലം ഉണ്ടായ ഒഴിവിലേക്ക് ലെഡ്സ്മാൻ തസ്തികയിൽ സീനിയറും സർവ്വേ സ്രാങ്ക് ഗ്രേഡ് I തസ്തികയിലേക്ക് വേണ്ട യോഗ്യതയുള്ളതുമായ ആലപ്പുഴ അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിലെ ശ്രീ.പി വി പോളിനെ 22200-48000/- രൂപശമ്പള സ്കെയിൽ പ്രൊവിഷണൽ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു. ഉത്തരവ് കൈപ്പറ്റി ശ്രീ രാജേഷ് കൊല്ലം മറൈൻ സർവ്വേയർ മുമ്പാകെയും, ശ്രീ. ഫ്രെഡിബോയ് നീണ്ടകര അസിസ്റ്റന്റ് മറൈൻ സർവ്വേയർ മുമ്പാകെയും ശ്രീ.പി വി പോൾ കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ മുമ്പാകെയും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ചീഫ് ഹൈഡ്രോഗ്രാഫർ

1. ശ്രീ രാജേഷ് സർവ്വേ സ്രാങ്ക് ഗ്രേഡ് I (കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ മുഖാന്തിരം)
2. ശ്രീ ഫ്രെഡി ബോയ്, സർവ്വേ സ്രാങ്ക് ഗ്രേഡ് I (ബേപ്പൂർ മറൈൻ സർവ്വേയർ മുഖാന്തിരം)
3. ശ്രീ.പി വി പോൾ, ലെഡ്സ്മാൻ ( അസിസ്റ്റന്റ് മറൈൻ സർവ്വേയർ ആലപ്പുഴ മുഖാന്തിരം)
4. മറൈൻ സർവ്വേയർ, ബേപ്പൂർ/കൊല്ലം
5. അസിസ്റ്റന്റ് മറൈൻ സർവ്വേയർ, കോട്ടപ്പുറം/ആലപ്പുഴ

പകർപ്പ് : ഡി.എച്ച്, എ.സി, എ.എം.എസ്, എ.എ, എച്ച്.സി, സി1 സെക്ഷൻ (വെബ് സൈറ്റിൽ ചേർക്കുന്നതിന്)